കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പനമരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം-ഇരുപത് ശതമാനം തുക സിഡ്കോയ്ക്ക് മുൻകൂറായി നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).2496/16/തസ്വഭവ തിരുവനന്തപുരം, തീയതി, 22.08.2016**

==========================================================================

പരാമർശം: 1.സ.ഉ.(സാധാ)നം-3276/2015/ത.സ്വ.ഭ.വ തീയതി 06.11.2015
2.സ.ഉ.(സാധാ)നം-637/2015/ത.സ്വ.ഭ.വ തീയതി 03.03.2015
3.സ.ഉ.(പി)നം-408/2007/ഫിൻ തീയതി 07.09.2007
4.സ.ഉ.(പി)നം-311/2014/ഫിൻ തീയതി 30.07.2014
5.സ.ഉ.(പി)നം-339/2015/ഫിൻ തീയതി 07.08.2015
6.ഗ്രാമവികസന കമ്മീഷണറുടെ 22.03.2016 തീയതിയിലെ 19316 /ജെ.ആർ.വൈ2/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പനമരം ബ്ലോക്ക് പഞ്ചായത്തിന് 2 കോടി രൂപ ചെലവിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1)പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഗ്രാമ വികസന കമ്മീഷണറുടെ അപേക്ഷ പ്രകാരം ടി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല പരാമർശം(3),പരാമർശം (4) ഉത്തരവുകൾക്കു വിധേയമായി സിഡ്കോയെ ഏൽപ്പിക്കുന്നതിന് അനുമതി നൽകി പരാമർശം (2)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (5) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ പട്ടികയിൽ സിഡ്കോ ഉൾപ്പെടാത്തതിനാൽ സിഡ്കോയ്ക്ക് അടങ്കൽ തുകയുടെ 50% തുക മുൻകൂറായി അനുവദിക്കാൻ പനമരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകാമോയെന്ന് സൂചന (6)പ്രകാരം ഗ്രാമവികസന കമ്മീഷണർ ആരാഞ്ഞിരുന്നു.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിഡ്കോ നേരിട്ടാണ് പ്രവൃത്തി നടത്തുന്നതെന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പ് വരുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായി പനമരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് അടങ്കൽ തുകയുടെ 20% തുക മുൻകൂറായി സിഡ്കോയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.സന്തോഷ്
ഗവ:ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പനമരം
3. ധനകാര്യ വകുപ്പ്(**No. Dev-2/33/2015-Fin**)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ